# Athmaraksha.org

മുഖ്യ ദൂതൻമാർ

## വിശുദ്ധ ഗബ്രിയേൽ



'ദൈവമാണ് എന്റെ ശക്തി, ദൈവത്തിന്റെ  ശക്തിയുള്ളവൻ' എന്നൊക്കെയാണ് ഈ പേരിനു അർത്ഥം. ദൈവത്തിന്റെ സന്ദേശം മനുഷ്യരിൽ എത്തിക്കുക എന്നതാണ് ഈ മാലാഖയുടെ ദൗത്യം. പരിശുദ്ധ മറിയത്തെ മംഗള വാർത്ത അറിയിച്ചത് ഈ മാലാഖയാണ്.

കർത്താവായ  ദൈവത്തിന്റെ  മുന്നിൽ നിൽക്കുന്ന ഏഴു മാലാഖമാരിൽ ഒരാളാണ് വി. ഗബ്രിയേൽ മാലാഖ. ദൈവത്തിന്റെ   സന്ദേശവാഹകരാണ് മാലാഖമാർ. ബൈബിളിൽ മാലാഖമാരെപ്പറ്റി പലഭാഗത്തും പറയുന്നുണ്ടെങ്കിലും മിഖായേൽ, ഗബ്രിയേൽ, റാഫേൽ എന്നിവരുടെ മാത്രമേ പേര് പറയുന്നുള്ളൂ. ഇവർ മൂന്നു പേരും  പ്രധാന മാലാഖമാർ എന്നറിയപ്പെടുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും പലതവണ  പ്രത്യക്ഷപ്പെടുന്ന മാലാഖയാണ് ഗബ്രിയേൽ. 'ദൈവത്തിന്റെ ശക്തൻ' എന്നാണ് ഗബ്രിയേൽ എന്ന വാക്കിന്റെ അർത്ഥം. നാലു തവണ വി. ഗബ്രിയേൽ ബൈബിളിൽ പരാമർശിക്കപ്പെടുന്നുണ്ട്. പഴയനിയമത്തിലെ ദാനിയലിന്റെ പുസ്തകത്തിൽ രണ്ടു തവണയും പുതിയ നിയമത്തിൽ രണ്ടു തവണയും, വരാനിരിക്കുന്ന രക്ഷകനെ കുറിച്ച് ദാനിയേൽ പ്രവാചകനെ അറിയിക്കുന്നതും ഗബ്രിയേൽ ദൈവദൂതനായിരുന്നു. ( ദാനിയേൽ 8:16-26, 9:21) പുതിയനിയമത്തിൽ സ്നാപകയോഹന്നാന്റെ ജനനവും യേശുവിന്റെ ജനനവും അറിയിക്കുന്നതും ഗബ്രിയേൽ മാലാഖയാണ്. സ്നാപകയോഹന്നാന്റെ ജനനവാർത്ത ഗബ്രിയേൽ മാലാഖ പിതാവായ സക്കറിയായെ അറിയിക്കുന്ന സംഭവം ലൂക്കായുടെ സുവിശേഷത്തിൽ വായിക്കാം. വൃദ്ധയായ തന്റെ ഭാര്യ ഒരു കുഞ്ഞിനെ പ്രസവിക്കുമെന്ന വാർത്ത കേട്ട് സക്കറിയ അവിശ്വസിക്കുമ്പോൾ  ഗബ്രിയേൽ മാലാഖ ഇങ്ങനെയാണ് പറയുന്നത്.

'ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേലാകുന്നു. നിന്നോട് സംസാരിക്കുവാനും  ഈ സദ്വാർത്ത നിന്നെ അറിയിക്കുവാനുമായി  ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു.  യഥാകാലം പൂർത്തിയാകാനുള്ള എന്റെ ഈ വാക്കുകൾ നീ അവിശ്വസിച്ചതിനാൽ അവ സംഭവിക്കുന്ന ദിവസം വരെ നീ സംസാരശക്തി നഷ്ടപ്പെട്ട് മൂകനായിരിക്കും.' ( ലൂക്ക 19:20)

ലോകരക്ഷകനായ യേശുവിന്റെ ജനനവാർത്ത കന്യകയായ മറിയത്തെ അറിയിക്കുന്നതും  ഗബ്രിയേൽ മാലാഖയാണ്. യൗസേപ്പ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന ഒരു കന്യകയുടെ

അടുത്തേക്ക് ദൈവം ഗബ്രിയേൽ ദൂതനെ അയച്ചു. ആ കന്യകയുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തെത്തി പറഞ്ഞു. ദൈവകൃപ ലഭിച്ചവളേ , സ്വസ്തി, കർത്താവ് നിന്നോടുകൂടെ ( ലൂക്ക 1:327:28) ദൈവദൂതനെ കണ്ട് ഭയപ്പെടുന്ന മറിയത്തെ ഗബ്രിയേൽ ആശ്വസിപ്പിക്കുന്നതായും ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല എന്നു പറഞ്ഞ് സമാധാനിപ്പിക്കുന്നതായും ലൂക്കായുടെ സുവിശേഷത്തിൽ വായിക്കാം.

യഹൂദർ ഗബ്രിയേലിനെ വിധിയുടെ മാലാഖയായാണ് കണക്കാക്കുന്നത്. മിഖായേൽ മാലാഖയ്ക്കു തൊട്ടുതാഴെയുള്ള മാലാഖയാണ് ഗബ്രിയേൽ എന്നാണ് അവരുടെ വിശ്വാസം. എന്നാൽ, ക്രൈസ്തവവിശ്വാസം അനുസരിച്ച് ഗബ്രിയേൽ മാലാഖയ്ക്കാണ് ഉന്നത സ്ഥാനം . ലോകരക്ഷകനായ യേശുവിന്റെ ജനനവാർത്ത അറിയിക്കുവാൻ നിയോഗിക്കപ്പെടുന്നത് ഏറ്റവും ഉന്നതസ്ഥാനമുള്ള ദൈവദൂതനായിരിക്കും എന്ന വിശ്വാസംമൂലമാണിത്. യൗസേപ്പ് പിതാവിനു സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവദൂതനും ഗബ്രിയേലാണെന്ന് വിശ്വസിക്കപ്പെടുന്നു. കുരിശുമരണത്തിനു വിധിക്കപ്പെടുന്നതിനായി പടയാളികൾ തടവിലാക്കും മുൻപ് ഗദ്സമൻ തോട്ടത്തിൽ പ്രാർത്ഥിക്കുന്ന യേശുവിനു കരുത്തുനൽകുവാനും ആശ്വാസമേകുവാനും ഗബ്രിയേൽ മലാഖയെ ദൈവം അയച്ചു എന്നൊരു വിശ്വാസമുണ്ട്. ബൈബിളിൽ ഈ സംഭവം സൂചിപ്പിക്കുന്നില്ലെങ്കിലും ആദിമസഭയുടെ കാലം മുതൽ ഈ വിശ്വാസം നിലവിലുണ്ട്.

സെപ്റ്റംബർ 29 തിരുസഭ മുഖ്യദൂതൻമാരായ വിശുദ്ധ മിഖായേൽ , വിശുദ്ധ ഗബ്രിയേൽ , വിശുദ്ധ റാഫേൽ എന്നിവരുടെ തിരുനാൾ ആഘോഷിക്കുന്നു.